ഡോ: എ. നീലലോഹിതദാസൻ നാടാർ മനസ്സിലാക്കേണ്ടത് ഈ ഗവൺമെന്റ് വന്ന തിനുശേഷം 16 ഇൻസ്റ്റാൾമെന്റ് കുടിശ്ശികയുണ്ടായിരുന്ന പെൻഷനിൽ കുറെ കൊടുത്തു. ഇനി 7 ഇൻസ്റ്റാൾമെന്റ് മാത്രമേയുള്ളു. കഴിഞ്ഞ കാലത്തെ ഗവൺമെന്റ് ഉണ്ടാക്കിയ കുടിശ്ശിക മുഴുവൻ ഈ ഗവൺമെന്റ് കൊടുക്കുകയാണ്.കഴിഞ്ഞ ഗവൺമെന്റ് ഒന്നും കൊടുത്തിട്ടുണ്ടായിരുന്നില്ല. എല്ലാം ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷേ മുൻ കാലഘട്ടങ്ങളിൽ ഉണ്ടായ കുടിശ്ശിക ഉൾപ്പെടെയാണ് ഈ ഗവൺമെന്റ് തീർത്തുകൊണ്ടിരിക്കുന്നത്. ചെറിയ കുടിശ്ശിക ഇനിയുമുണ്ട്. പെൻഷനും വിദ്യാഭ്യാസ ആനുകൂല്യവും കൊടുത്തു തീർക്കുന്ന ശ്രമത്തിലാണ്.

(2) മുടങ്ങിക്കിടക്കുന്ന അക്വേറിയത്തിന്റെയും ഫിഷ് സീഡ് ഫാമിന്റെയും പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി: തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമിൽ ദേശീയ നിലവാരത്തിലുള്ള ഒരു ഫ്രഷ് വാട്ടർ അക്വേറിയം 1977-ൽ പ്രവർത്തനം ആരംഭിച്ചു. നാലര വർഷമായി അതിന്റെ പണി മുടങ്ങിക്കിടക്കുകയാണ്. ഒരു കോടി രൂപ ചെലവഴിച്ചു. ഇനി അതിന്റെ ഇന്റേണൽ ഡെക്കറേഷൻ മാത്രമേ പൂർത്തിയാക്കാനുള്ളൂ. പണി മുടങ്ങിയ കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രി പ്രൊഫ. കെ. വി. തോമസും ഉന്നത ഉദ്യോഗസ്ഥന്മാരും കഴിഞ്ഞ മെയ് മാസം ഇരുപതാം തീയതി പതിന്നാലു മാസങ്ങൾക്കു മുമ്പ് ആ സ്ഥലം സന്ദർശിക്കുകയും ആ സ്ഥലം നോക്കി കാണുകയും ഉദ്യോഗസ്ഥന്മാരുടെ കോൺഫറൻസ് രാൺ ദി സ്പോട്ടിൽ വിളിച്ചു കൂട്ടി രണ്ടു മാസത്തിനകം അതിന്റെ പണി ആരംഭിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഇതുവരെ ഒരു പ്രവർത്തനവും മുന്നോട്ടു പോയിട്ടില്ല. ഗവൺമെന്റിന് വമ്പിച്ച സാമ്പത്തിക നഷ്ടം ഇതുമൂലം ഉണ്ടായിരിക്കുകയാണ്. അതുപോലെ തന്നെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ആവശ്യമുള്ള മത്സ്യ കുഞ്ഞുങ്ങളെ കൊടുക്കുന്ന ഒരു നാഷണൽ ഫിഷ് സീഡ് ഫാം അവിടെ രൂപകല്പന ചെയ്തു. പതിനെട്ട് ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങി. പതിനഞ്ചു കുളങ്ങൾ മാത്രം അവിടെ കുഴിച്ചു. അതിന്റെ പണിയും അവിടെ മുടങ്ങിക്കിടക്കുകയാണ്. മന്ത്രി സ്ഥലം സന്ദർശിച്ച് ഉത്തരവ് നല്കിയിട്ടും യാതൊരു പുരോഗതിയുമില്ല. എന്റെ ആവശ്യം അടിയന്തിരമായി ഈ രണ്ടു പണിയും പുനരാരംഭിക്കണം എന്നുള്ളതാണ്. അതോടൊപ്പം തന്നെ ഗവൺമെന്റിന്റെ കോടികൾ തുലച്ച ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): ഇന്ത്യയിൽത്തന്നെ ഏറ്റവും ആധുനികമായ അക്വേറിയമാണ് നെയ്യാർഡാമിലുള്ളത്. അതിന്റെ പണി തൊണ്ണൂറ് ശതമാനം തീർന്നു. അതുപോലെ തന്നെ കേരളത്തിലെ ശുദ്ധജല തടാകങ്ങൾക്കു മീൻ കുഞ്ഞുങ്ങളെ നല്കുന്നതിനുവേണ്ടിയുള്ള നാഷണൽ ഫിഷ് സീഡ് ഫാമിന്റെ പ്രവർത്തനം എൺപത് ശതമാനവും പൂർത്തിയായി. ഞാനും ബഹുമാനപ്പെട്ട അംഗവും ജനപ്രതിനിധികളും ഒന്നിച്ച് കഴിഞ്ഞ മെയ് മാസത്തിൽ അവിടെ പോയിരുന്നു. അന്ന് ഈ പണി പൂർത്തീകരിക്കുവാൻ രണ്ടു മൂന്നു മാസം വേണമായിരുന്നു. പിന്നീട് ഒരു വിജിലൻസ് കേസ് ഉണ്ടായി. അതിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കോൺട്രാക്ടർ അപ്പീൽ കൊടുത്തതിനെ ത്തുടർന്നാണ് അല്പം താമസിച്ചു പോയത്. താമസിച്ചു പോയി എന്നുള്ളത് കുറ്റകരമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണം.

പ്രൊഫ. കെ. വി. തോമസ്: വിജിലൻസ് കേസ് എത്രയും വേഗം പൂർത്തീകരിക്കികയോ വിജിലൻസ് കേസ് മുന്നോട്ട് പോകുന്നുണ്ടെങ്കിൽ അത് നടക്കുന്ന സന്ദർഭത്തിൽത്തന്നെ ഇതിന്റെ പണി പൂർത്തീകരിക്കുകയോ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് അപാകതകൾ ഉണ്ടായിട്ടുണ്ട്. അവർക്കെതിരെ ശക്തമായ നടപടികൾ ഗവൺമെന്റ് എടുക്കും. അടിയന്തിരമായി ആറു മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവ് ഫിഷറീസ് ഡയറക്ടർക്ക് കൊടുത്തിട്ടുണ്ട്.

(3) പെരിയാർവാലി കനാൽബണ്ടുകളും കനാൽബണ്ട് റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി

ശ്രീ. സാജു പോൾ: എറണാകുളം ജില്ലയിൽ എട്ട് നിയോജക മണ്ഡലങ്ങളിലായി എഴുന്നൂറ്റിയമ്പതോളം കിലോമീറ്റർ നീളത്തിലുള്ള പെരിയാർവാലി പദ്ധതിയുടെ കനാൽ ബണ്ട് റോഡുകൾ തകർന്നു കിടക്കുകയാണ്. 1964-നു മുമ്പ് ഈ കനാലുകൾ നിർമ്മിച്ചപ്പോൾ ഇൻസ്പെക്ഷൻ റോഡുകളായിരുന്നുവെങ്കിൽ ഇപ്പോൾ അനേകായിരം ആളുകളുടെ ഗതാഗത ആവശ്യംകൂടി നിർവ്വഹിക്കുവാനുള്ള പ്രധാന ഉപാധി കളാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ ഏതാണ്ട് ഏഴു കോടിയോളം രൂപ ഭൂതത്താൻകെട്ടിലെ ഷട്ടർ നന്നാക്കുന്നതിന് ഉൾപ്പെടെ പെരിയാർവാലിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്പോൾ കനാൽ ബണ്ട് റോഡുകൾ തകർന്ന് കിടക്കുന്നതുമൂലം കനാലുകളാകെ ഭാവിയിൽ ഉപയോഗശൂന്യമാകുന്ന അവസ്ഥ സംജാതമായിരിക്കുന്നു. അതുകൊണ്ട് ഏറ്റവും പെട്ടെന്ന് പത്തുകോടി രൂപയെങ്കിലും അനുവദിച്ച് എറണാകുളം ജില്ലയിൽ എട്ടു മണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നം പരിഹരിക്കണം. ബഹുമാനപ്പെട്ട മന്ത്രി മൂവാറ്റുപുഴ വാലിയിൽ അടക്കം വളരെ താല്പര്യപൂർവ്വം ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ആ മൂവാറ്റുപുഴ വാലിയിൽ തേങ്ങാ ഉടയ്ക്കുമ്പോൾ പെരിയാർ വാലിയിൽ ചിരട്ടയെങ്കിലും ഉടച്ചാൽ പ്രശ്നം തീരും. അതുകൊണ്ട് പത്തു കോടി രൂപ ചെലവഴിച്ച് കനാൽ ബണ്ടുകൾ സഞ്ചാര യോഗ്യമാക്കി ഞങ്ങളെ ഈ തീരാദുരിതത്തിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട സാജു പെരിയാർവാലി പ്രോജക്ടിന്റെ കനാൽ ബണ്ട് റോഡുകളെ കുറിച്ചാണ് പറഞ്ഞത്. ശ്രീ. സാജുപോൾ പറയുമ്പോൾ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ മാത്രമുള്ള പ്രോജക്ടാണ് ഇത് എന്ന് തോന്നും. എന്റെ നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽകൂടി കനാൽ കടന്നു പോകുന്നുണ്ട്. മൂവാറ്റുപുഴയുണ്ട്. എറണാകുളം ജില്ലയുടെ ഒരു വലിയ ഭാഗം, എട്ട് നിയോജക മണ്ഡലങ്ങൾ ഈ പ്രോജക്ടിന് കീഴിൽ വരുന്നുണ്ട്. എട്ട് മണ്ഡലങ്ങളിൽക്കൂടി ഇത് കടന്നു പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly